(സി) ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. താലൂക്കുതല ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള താലൂക്കുതല വിൽപ്പന ഔട്ട്ലെറ്റിലൂടെ ടിക്കറ്റ് വിതരണം മാത്രമാണ് നടത്തിവരുന്നത്.

(സി) ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖേന ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ധനസഹായം ലഭിക്കാത്ത അപേക്ഷകൾ**

51(1588) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും 2015 ജനുവരി 1 മുതൽ 2016 മാർച്ച് 31 വരെ കാരുണ്യചികിൽസാ പദ്ധതിയിലേക്ക് നൽകിയ അപേക്ഷകളിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും അപേക്ഷകർക്ക് അപേക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാരുണ്യ ചികിൽസാ പദ്ധതിയിൽനിന്നും ധനസഹായം അനുവദിച്ചവരുടെയും, അപേക്ഷകളിൽ പോരായ്മകൾ ഉള്ളവരുടെയും പേരു വിവരം ലഭ്യമാക്കാമോ; എന്തെല്ലാം പോരായ്മകളാണ് അപേക്ഷകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; .ഇവ പരിഹരിച്ച് ഇവർക്ക് ചികിൽസാ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ചികിത്സാ ധനസഹായ പ്രക്രിയകൾ ജില്ലാതലത്തിലാണ് നിർവ്വഹിച്ചുവരുന്നത്. ആയതിനാൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ജില്ലാതലങ്ങളിൽനിന്നും ഓൺലൈനായി ലഭിക്കുന്ന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഹെഡ് ഓഫീസിൽ പരിശോധിക്കുകയും പോരായ്മകളുള്ള അപേക്ഷകൾ അപ്പപ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കുകയും പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്നതിനായി മടക്കി അയക്കുകയും ചെയ്തുവരുന്നു. അപേക്ഷകളോടൊപ്പം ലഭിക്കുന്ന അനുബന്ധ രേഖകൾ പലതും അപൂർണ്ണവും അവ്യക്തവുമാണ്. ഇപ്രകാരമുള്ള പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

**ലോട്ടറി ടിക്കറ്റ് അച്ചടി പരിഷ്കരണം**

52(1589) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റ് അച്ചടിയിൽ പലപ്പോഴും വ്യക്തതയില്ലായ്മ, നമ്പറുകൾ മാഞ്ഞുപോകുന്നത് എന്നീ അപാകതകൾ കാണുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോട്ടറി ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സമ്മാനങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും, സമ്മാനങ്ങളും, ഏജന്റുമാർക്കുള്ള കമ്മീഷനും പരിഷ്കരിക്കുന്നതിനും, തൊഴിൽ അന്വേഷകർക്ക് സഹായകരമായ രീതിയിൽ ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ലോട്ടറി ടിക്കറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ലോട്ടറി ടിക്കറ്റ് അച്ചടിയും വകുപ്പിന്റെ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകൾ യഥാസമയം ഹാജരാക്കുന്നവർക്ക് താമസംവിനാ സമ്മാന തുക അനുവദിക്കുന്നുണ്ട്. അവശ്യം വേണ്ട രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാലാണ് സമ്മാനത്തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. സമ്മാന വിതരണത്തിനായി റവന്യൂ വരുമാനത്തിന്റെ 40%-ൽ കൂടുതൽ വിനിയോഗിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ പ്രൈസ് ശതമാനത്തിൽ വ്യത്യാസം വരാത്തവിധം സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഏജന്റുമാരുടെ കമ്മീഷൻ പരിഷ്കരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.